# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4080

16.12.2014 ൽ മറുപടിയ്ക്ക്

## കാർഷിക ഗ്രാമ വികസന ബാങ്കിന് വഴി വിട്ട സഹായം

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. ജി. സുധാകരൻ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര പ്രാഥമിക കാർഷിക വികസന ബാങ്ക് കേന്ദ്ര ബാങ്കിന് പതിമൂന്ന് കോടി രൂപയുടെ കുടിശ്ശിക അടയ്ക്കാൻ ഉണ്ടായിരുന്നോ; ഈ കുടിശ്ശിക അടച്ചുതീർത്തോ; എങ്ങനെയാണ് ഈ കുടിശ്ശിക അടച്ചുതീർത്തത്; | (എ) | നെയ്യാറ്റിൻകര പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക്, 30.04.2014 ലെ കണക്ക് പ്രകാരം കേന്ദ്ര ബാങ്കിന് 13.02 കോടി രൂപയുടെ കുടിശ്ശിക അടയ്ക്കാനുണ്ടായിരുന്നു. കുടിശ്ശിക തുക പുന:ക്രമീകരിച്ച് 32 പാദവാർഷിക ഗഡുക്കളായി അടച്ചു തീർക്കാൻ അനുവാദം നൽകുക വഴി കുടിശ്ശിക അടച്ചു തീർത്തിട്ടുണ്ട്.<br>സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രാഥമിക ബാങ്കുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്ര ബാങ്ക് നടപ്പിലാക്കിയ പദ്ധതി പ്രകാരം, അനുവദിച്ച വായ്പ തുക, അടച്ചു തീർക്കുന്നതിനായി നൽകിയ വായ്പ, 32 പാദവാർഷിക തവണകളിലായി അടച്ച് തീർക്കാൻ ധനസഹായം അനുവദിച്ചതിനെ തുടർന്നാണ് കുടിശ്ശിക അടച്ച് തീർത്തിട്ടുള്ളത്. |
| (ബി) കുടിശ്ശിക അടയ്ക്കുവാനുള്ള ബാങ്കുകൾക്കെല്ലാം കേന്ദ്രബാങ്ക് റീഹാബിലിറ്റേഷൻ പാക്കേജ് അനുവദിക്കാറുണ്ടോ; ഇത്തരത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബാങ്കുകൾക്ക് റീഹാബിലിറ്റേഷൻ പാക്കേജ് അനുവദിച്ചു; വിശദാംശങ്ങൾ നൽകുമോ; | (ബി) | കേന്ദ്രബാങ്ക് തലത്തിൽ കുടിശ്ശിക ഉള്ളതും, സഞ്ചിത നഷ്ടത്തിൽ പ്രവർത്തിക്കുന്നതും, വായ്പ നീക്കിയിരുപ്പിൽ അസന്തുലിതാവസ്ഥ നിലനിൽക്കുന്നതുമായ പ്രാഥമിക ബാങ്കുകൾക്കാണ് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br>റീഹാബിലിറ്റേഷൻ പാക്കേജ് അനുവദിക്കുന്നതിനായി, നെയ്യാറ്റിൻകര പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് 14.07.2014 ലും കിളിമാനൂർ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് 13.09.2014 ലും കോഴിക്കോട് പ്രാഥമിക |

| | | | |
|---|---|---|---|
| | | | കാർഷിക ഗ്രാമ വികസന ബാങ്ക് 03.11.2014 ലും അപേക്ഷ സമർപ്പിച്ചിരുന്നു. അതിൽ നെയ്യാറ്റിൻകര പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കിന് റീഹാബിലിറ്റേഷൻ പാക്കേജ് അനുവദിച്ച് നടപ്പിലാക്കുകയും, മറ്റ് രണ്ട് ബാങ്കുകളുടെ അപേക്ഷകൾ അനുവാദം നൽകുന്നതിനുള്ള നടപടി ക്രമങ്ങളുടെ വിവിധ ഘട്ടങ്ങളിലുമാണ്. |
| (സി) | നെയ്യാറ്റിൻകര കാർഷിക വികസന ബാങ്കിൽ റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തി എത്ര കോടി രൂപ നൽകി; അതിൽ എത്ര കോടി രൂപ കണക്കിൽ വരവ് വച്ച് കുടിശ്ശിക ഇല്ലാതാക്കി; വ്യക്തമാക്കുമോ; | (സി) | റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കിന് സാമ്പത്തിക സഹായം ഒന്നും തന്നെ നൽകിയിട്ടില്ല. പദ്ധതി പ്രകാരം കുടിശ്ശിക തുക പുന:ക്രമീകരിച്ച് 32 പാദവാർഷിക തവണകളായി അടച്ചു തീർക്കുന്നതിന് അനുവദിക്കുകയാണ് ചെയ്തത്. തിരിച്ചടവിന് അധിക കാലാവധി മാത്രമാണ് നൽകിയിട്ടുള്ളത്. |
| (ഡി) | ഇത്തരത്തിൽ വഴിവിട്ട സഹായം നെയ്യാറ്റിൻകര പ്രാഥമിക കാർഷിക വികസന ബാങ്കിന് ചെയ്യാനുള്ള കാരണം വിശദമാക്കുമോ? | (ഡി) | പ്രാഥമിക സഹകരണ ബാങ്കുകളുടെ കുടിശ്ശിക ഇല്ലാതാക്കുന്നതിനും, കേന്ദ്ര ബാങ്കും പ്രാഥമിക ബാങ്കും തമ്മിലുള്ള ഇംബാലൻസ് ഒഴിവാക്കുന്നതിനുമാണ് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയത്. ഇക്കാര്യത്തിൽ വഴിവിട്ട സഹായം ബാങ്കിന് നൽകിയിട്ടില്ല. നബാർഡിന്റെ പരിശോധന റിപ്പോർട്ടിലെ നിർദ്ദേശം കൂടി കണക്കിലെടുത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രാഥമിക ബാങ്കുകൾക്ക് പുനരുദ്ധാരണ പദ്ധതി അനുവദിച്ചിട്ടുണ്ട്. അതിൻപ്രകാരം നെയ്യാറ്റിൻകര പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കിന് മുതൽ ഇനത്തിലെ കുടിശ്ശികയായ 6.57 കോടി രൂപ 10.50% പലിശ ഉൾപ്പെടെ 32 പാദവാർഷിക തവണകളായും, പലിശ ഇനത്തിലെ കുടിശ്ശിക 6.45 കോടി രൂപ 32 പാദവാർഷിക തവണകളായും അടയ്ക്കാനുള്ള അനുവാദമാണ് നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**